ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **കേരളം ഉൾപ്പെടെ രണ്ടാം ഘട്ട പൊതു തെരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. ജമ്മു കശ്മിരിൽ നാളെ.**

   Scrutiny of nominations for the second phase of Lok Sabha elections including Kerala will take place today. Jammu and Kashmir will be held tomorrow.

2. **വോട്ടിംഗ് ശതമാനം വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്യാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ യോഗം ഇന്ന് ന്യൂഡൽഹിയിൽ.**

   The Election Commission will organise meeting for discussing ways to step up voter turnout in the ensuing Lok Sabha Elections today in Delhi.

3. **കോൺഗ്രസ് പ്രകടന പത്രിക ഇന്ന്. ബി ജെ പി പ്രകടന പത്രികായോഗം ഡൽഹിയിൽ ചേർന്നു.**

   **സിഎഎ, യുഎപിഎ നിയമങ്ങളടക്കം റദ്ദാക്കുമെന്ന വാഗ്ദാനവുമായി സിപിഐഎം പ്രകടന പത്രിക.**

   Congress will release its manifesto today. BJP held manifesto meeting in Delhi. CPIM Manifesto Promises to scrap CAA, Unlawful Activities Prevention Act and Prevention of Money Laundering Act.

4. **പശ്ചിമേഷ്യയിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങളിലും അസ്ഥിരതയിലും ആശങ്ക അറിയിച്ച് ഇന്ത്യ.**

   India expresses concern at escalating tensions in West Asia and their potential to fuel further violence and instability.

**5. കേരളത്തിൽ ശക്തമായ ചൂട് തുടരുന്നു. തിങ്കളാഴ്ച വരെ 12 ജില്ലകളിൽ ജാഗ്രതാ നിർദേശം.**

**Heat continues in Kerala. Alert in 12 districts till Monday.**

**6. ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ പഞ്ചാബ് കിംഗ്സിന് ജയം.**

**In IPL Cricket, Punjab Kings beat Gujarat Titans.**

*************************************************

## REV. EC- MEETING DEOs

മുൻ തെരഞ്ഞെടുപ്പുകളിൽ ഏറ്റവും കുറവ് പോളിങ് രേഖപ്പെടുത്തിയ 11 സംസ്ഥാനങ്ങളിൽ നിന്നുള്ള മുനിസിപ്പൽ കമ്മീഷണർമാരുമായും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരുമായും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് യോഗം ചേരും. ന്യൂഡൽഹിയിൽ ചേരുന്ന യോഗത്തിൽ വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്യും. ചില നഗരങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും വോട്ടിംഗ് ശതമാനക്കുറവ് പരിഹരിക്കുന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തന പദ്ധതികൾ യോഗം ചർച്ച ചെയ്യും. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവരുടെ നേതൃത്വത്തിലാണ് സമ്മേളനം.

*************************************************

## SECOND PHASE - (INTRO)

രണ്ടാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള നാമനിർദേശ പത്രികാ സമർപ്പണത്തിനുള്ള സമയപരിധി അവസാനിച്ചപ്പോൾ കേരളത്തിൽ 290 സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചതായി

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ഇന്നാണ് സൂക്ഷ്മ പരിശോധന . വിശദാംശങ്ങളിലേക്ക്.....

**<u>– (VOICE.....)</u>**

നാമനിർദ്ദേശ പത്രിക പിൻ വലിക്കാനുള്ള സമയപരിധി ഏപ്രിൽ എട്ടിന് അവസാനിക്കുന്നതോടെ കേരളത്തിൽ അന്തിമ സ്ഥാനാർഥി പട്ടികയ്ക്ക് രൂപമാകും. തിരുവനന്തപുരത്താണ് ഏറ്റവുമധികം സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചത്. 22 പേരാണ് ഇവിടെ പത്രിക നൽകിയത്. എട്ട് പത്രികകൾ ലഭിച്ച ആലത്തൂർ മണ്ഡലത്തിലാണ് ഏറ്റവും കുറവ് സ്ഥാനാർഥികൾ. കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 88 ലോക്സഭാ സീറ്റുകളിലേക്കും ഔട്ടർ മണിപ്പൂർ ലോക്സഭാ മണ്ഡലത്തിൻറെ ബാക്കി ഭാഗങ്ങളിലുമാണ് ഏപ്രിൽ 26-ന് രണ്ടാംഘട്ടമായി വോട്ടെടുപ്പ് നടക്കുന്നത്. ജമ്മുകശ്മീരിൽ നാളെയും, മറ്റിടങ്ങളിൽ ഇന്നുമാണ് പത്രികകളുടെ സൂക്ഷ്മപരിശോധന. പത്രികകൾ പിൻവലിക്കാൻ ഈ മാസം എട്ട് വരെയാണ് സമയം. കേരളത്തിലെ 20 മണ്ഡലങ്ങൾക്ക് പുറമേ, കർണാടകയിലെ 14 സീറ്റുകളിലും, രാജസ്ഥാനിൽ 13 ഇടത്തും, ഉത്തർ പ്രദേശിലെയും, മഹാരാഷ്ട്രയിലെയും എട്ട് വീതം മണ്ഡലങ്ങളിലും രണ്ടാംഘട്ടത്തിലാണ് വോട്ടെടുപ്പ്. മധ്യപ്രദേശിലെ ഏഴ് സീറ്റിലും, അസമിലെയും ബിഹാറിലെയും അഞ്ച് സീറ്റുകളിലും, പശ്ചിമബംഗാളിലും ഛത്തീസ്ഗഢിലും മൂന്ന് വീതം മണ്ഡലങ്ങളിലും രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കും. മണിപ്പൂരിലെയും, ത്രിപുരയിലെയും, ജമ്മു കശ്മീരിലെയും ഓരോ മണ്ഡലങ്ങളിലാണ് ഏപ്രിൽ 26 ന് വോട്ടെടുപ്പ്.

**********************************************

**<u>ADD PM-WB</u>**

പൗരത്വ നിയമത്തെക്കുറിച്ച് തൃണമൂൽ കോൺഗ്രസ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് മുതിർന്ന ബിജെപി നേതാവും

പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി. കൂച്ച് ബിഹാറിൽ നടന്ന പൊതു റാലിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. പശ്ചിമ ബംഗാളിലെ സർക്കാർ വിവിധ കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിന് തടസ്സം നിൽക്കുന്നതായും അദ്ദേഹം പറഞ്ഞു.

കേന്ദ്രം കൂടുതൽ  തുക നൽകിയിട്ടും പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു. മാതാഭംഗയിൽ നടന്ന പൊതുയോഗത്തിൽ തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമത ബാനർജിയും

സംസാരിച്ചു. പൗരത്വ നിയമം  പശ്ചിമ ബംഗാളി നടപ്പാക്കില്ലെന്ന് അവർ പറഞ്ഞു. ഈ മാസം 19 ന് അലിപുർദു വാർസ്, ജൽപായ്ഗുരി എന്നിവയ്ക്കൊപ്പം കൂച്ച് ബിഹാറിൽ തിരഞ്ഞെടുപ്പ് നടക്കും.

*******************************************

## SMRITI IRANI – KASARGODE

എസ് ഡി പിഐയുടെ പിന്തുണയില്ലാതെ  തെരഞ്ഞെടുപ്പിനെ നേരിടാൻ കോൺഗ്രസ് നേതൃത്വത്തെ വെല്ലുവിളിച്ച് മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ സ്മൃതി ഇറാനി.

ഇന്നലെ   വൈകിട്ട് കാഞ്ഞങ്ങാട്ട് എൻഡിഎ പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. വയനാട്ടിൽ രാഹുൽ ഗാന്ധി നടത്തിയ റോഡ് ഷോയ്ക്കിടെ മുസ്ലീം ലീഗ് പതാക ഒളിപ്പിച്ചത് എന്തിനാണെന്നും അവർ ചോദിച്ചു.

വികസനം ഉറപ്പാക്കുകയും ഇന്ത്യയെ  മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയാക്കുകയുമാണ് നരേന്ദ്രമോദി സർക്കാരിൻ്റെ ലക്ഷ്യമെന്നും ശ്രീമതി സ്മൃതി ഇറാനി പറഞ്ഞു.

*******************************************

## ELECTION MANIFESTO

ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള പ്രകടന പത്രിക കോൺഗ്രസ് ഇന്ന് പുറത്തിറക്കും. പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി എന്നിവർ

ചേർന്നാകും പ്രകടന പത്രിക പുറത്തിറക്കുക. ബിജെപി പ്രകടന പത്രിക രൂപീകരണ യോഗം ഇന്നലെ നടന്നു. മുതിർന്ന നേതാവ് രാജ്നാഥ് സിങ് നേതൃത്വം നൽകുന്ന 27 അംഗ സമിതിയുടെ രണ്ടാമത് യോഗമാണ് നടന്നത്. മുതിർന്ന നേതാക്കളായ നിർമല സീതാരാമൻ, കിരൺ റിജിജു തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള സിപിഐ എം പ്രകടന പത്രിക ഇന്നലെ പാർട്ടി ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, പോളിറ്റ് ബ്യൂറോ അംഗങ്ങളായ പ്രകാശ് കാരാട്ട്, ബൃന്ദാ കാരാട്ട്, തപൻ സെൻ തുടങ്ങിയ നേതാക്കൾ ചേർന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കി. യുഎപിഎ നിയമം, കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമം എന്നിവ റദ്ദാക്കുമെന്ന് ഉറപ്പ് നൽകുന്നതാണ് സിപിഐഎം പ്രകടനപത്രിക.

********************************************

## AMIT SHAH

കേരളത്തിൽ വിവിധ മുന്നണികളുടെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമായി പുരോഗമിക്കുന്നു. തിരുവനന്തപുരം ലോക് സഭാമണ്ഡലം എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ തലസ്ഥാനത്തെത്തും. നെയ്യാറ്റിൻകരയിൽ നടക്കുന്ന റോഡ് ഷോയിൽ രാജീവ് ചന്ദ്രശേഖറോടൊപ്പം അമിത് ഷായും പങ്കെടുക്കും.

********************************************

## ALLOTMENT OF BROADCAST

2024ലെ പൊതുതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ദൂരദർശനിലും ആകാശവാണിയിലും അംഗീകൃത ദേശീയ പാർട്ടികൾക്ക് പ്രക്ഷേപണ-സംപ്രേക്ഷണ സമയം അനുവദിക്കുന്നതിനുള്ള നറുക്കെടുപ്പ് ന്യൂഡൽഹിയിലെ രംഗ്

ഭവനിൽ നടന്നു. ദൂരദർശനിലും ആകാശവാണിയിലും ഓരോ ദേശീയ പാർട്ടികൾക്കും 45 മിനിറ്റ് വീതം അനുവദിച്ചിട്ടുണ്ട്. ആറ് ദേശീയ പാർട്ടികൾക്ക് അഞ്ച് മണിക്കൂറും മുപ്പത് മിനിറ്റും അധിക ടെലികാസ്റ്റ് സമയവും അനുവദിച്ചിട്ടുണ്ട്. ഈ മാസം 16, 23 തീയതികളിലും അടുത്ത മാസം 3, 10, 17, 22, 29 തീയതികളിലും പ്രക്ഷേപണവും സംപ്രേക്ഷണവും നടക്കും.

*********************************************

**EXTERNAL AFFAIRS MINISTRY**

പശ്ചിമേഷ്യയിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങളിലും അസ്ഥിരതയിലും ഇന്ത്യയ്ക്ക് ആശങ്കയുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഏപ്രിൽ ഒന്നിന് സിറിയയിലെ ഇറാൻ നയതന്ത്ര കേന്ദ്രങ്ങൾക്ക് നേരെ ഇസ്രായേൽ നടത്തിയ ആക്രമണം ആശങ്കയോടെയാണ് ഇന്ത്യ കാണുന്നതെന്ന് വിദേശ കാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ജി 2 ജി കരാറിന് കീഴിൽ ഇസ്രായേലിലേക്ക് പോയവരുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ ഇസ്രായേലി അധികാരികളോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.ന്യൂഡൽഹിയിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു ജയ്സ്വാൾ . അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്നും അങ്ങനെ തന്നെ തുടരുമെന്നും രൺധീർ ജയ്സ്വാൾ പറഞ്ഞു.

*********************************************

**ISRAEL-EREZ CROSSING**

ഇസ്രയേലിനും വടക്കൻ ഗസ മുനമ്പിനും ഇടയിലുള്ള എറെസ് ഇടനാഴി വീണ്ടും തുറന്നു. ഗസയിലേക്ക് കൂടുതൽ മാനുഷിക സഹായം അനുവദിക്കുന്നതിനായാണ് ഇടനാഴി വീണ്ടും തുറന്നു നൽകിയത്. കഴിഞ്ഞ ഒക്ടോബർ ഏഴിന് ഹമാസ്

നടത്തിയ കടന്നുകയറ്റത്തിനു ശേഷം ആദ്യമായാണ് ഇടനാഴി വീണ്ടും തുറക്കുന്നത്.
*******************************************

## HEAT KERALA

കേരളത്തിൽ ശക്തമായ ചൂട് തുടരുന്നു. തിങ്കളാഴ്ച വരെ 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉയർന്ന താപനില ജാഗ്രതാ മുന്നറിയിപ്പ് നൽകി. കൊല്ലം, പാലക്കാട് ജില്ലകളിൽ താപനില 39 ഡിഗ്രി വരെയും തൃശൂർ, കോഴിക്കോട് 38 വരെയും ഉയരാൻ സാധ്യതയെന്ന് അറിയിപ്പിലുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് കടലാക്രമണത്തിന് സാധ്യതയുണ്ടെന്നു ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.
*******************************************

## RAILWAY

ചാലക്കുടിയിൽ ട്രാക്കിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്ന് ട്രെയിൻ ഗതാഗതത്തിൽ ഭാഗികമായ നിയന്ത്രണം ഉണ്ടാകുമെന്ന് റെയിൽവേ അറിയിച്ചു. എറണാകുളം-കോട്ടയം, കോട്ടയം-എറണാകുളം, ഷൊർണ്ണൂർ-എറണാകുളം, എറണാകുളം -ഷൊർണ്ണൂർ മെമു എന്നീ ട്രെയിനുകൾ റദ്ദാക്കി.
*******************************************

## THE INDIAN COAST GUARD

ചെന്നൈയിൽ നിന്ന് 95 നോട്ടിക്കൽ മൈൽ അകലെ കടലിൽ നിന്ന് എട്ട് മത്സ്യത്തൊഴിലാളികളെ ഇന്ത്യൻ തീരസംരക്ഷണ സേന രക്ഷപ്പെടുത്തി. കാണാതായവ ർ ക്കായി തിരച്ചിൽ തുടരുകയാണെന്ന് തീരസംരക്ഷണ സേന അറിയിച്ചു. രക്ഷപ്പെടുത്തിയ മത്സ്യത്തൊഴിലാളികളെ ചെന്നൈ തുറമുഖത്ത് എത്തിച്ചു.
*******************************************

## DRDO YOUNG SCIENTISTS-NSTL

ഡിആർഡിഒ യുവ ശാസ്ത്രജ്ഞരുടെ പത്താമത് സമ്മേളനം വിശാഖപട്ടണത്തെ നേവൽ സയൻസ് ആൻഡ് ടെക്നോളജിക്കൽ ലബോറട്ടറിയിൽ ആരംഭിച്ചു.

മൂന്നു ദിവസത്തെ സമ്മേളനം ഡിആർഡിഒ ചെയർമാൻ ഡോ. സമീർ വി. കാമത്ത്, ഉദ്ഘാടനം ചെയ്തു. ഡിആർഡിഒയെ കൂടുതൽ ഉയരങ്ങളിലെത്തിക്കുന്നതിനായി പുതിയ സാങ്കേതിക വിദ്യക്ക് അനുസരിച്ച് മാറ്റങ്ങൾ കൊണ്ടുവരണമെന്ന് ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ച കാമത്ത് യുവ ശാസ്ത്രജ്ഞരോട് പറഞ്ഞു. പ്രതിരോധ മേഖലയിൽ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സമകാലിക വിഷയങ്ങൾ പങ്കിടാനും ചർച്ച ചെയ്യാനുമാണ് ഡിആർഡിഒ യുവ ശാസ്ത്രജ്ഞരുടെ സംഗമം സംഘടിപ്പിക്കുന്നത്. "മനസ്സുകളെ ജ്വലിപ്പിക്കാൻ ബന്ധങ്ങൾ ശക്തിപ്പെടുത്തുക " എന്നതാണ് ഈ വർഷത്തെ പ്രമേയം.

*******************************************

## ICG SAMUDRA PAHEREDAR- VIETNAM

ഇന്ത്യൻ തീര സംരക്ഷന സേനയുടെ മലിനീകരണ നിയന്ത്രണ കപ്പൽ സമുദ്ര പഹേരെദാർ വിയറ്റ്നാമിലെ ഹോ ചി മിന്നിൽ വിയറ്റ്നാം കോസ്റ്റ് ഗാർഡുമായി ചേർന്ന് സമുദ്ര മലിനീകരണനിയന്ത്രണത്തിൽ സംയുക്ത പരിശീലനം നടത്തി. പരിശീലന വേളയിൽ സമുദ്ര പഹേരെദാർ കപ്പലിൻ്റെ മലിനീകരണ നിയന്ത്രണ ഉപകരണങ്ങളുടെ പ്രദർശനം നടത്തി. മൂന്ന് ദിവസത്തെ പ്രദർശനത്തിനിടെ, സമുദ്ര മലിനീകരണ നിയന്ത്രണം, സമുദ്രത്തിലെ തിരച്ചിൽ, രക്ഷാപ്രവർത്തനം എന്നിവ കേന്ദ്രീകരിച്ച് ആശയവിനിമയം നടത്തി.

*******************************************

## FUR. REV. IPL RESULT

ഐപിഎൽ ക്രിക്കറ്റിൽ  ഗുജറാത്ത് ടൈറ്റൻസിനെതിരെ പഞ്ചാബ് കിംഗ്സിനു ജയം. ഇന്നലെ   അഹമ്മദാബാദിൽ നടന്ന മത്സരത്തിൽ മൂന്ന് വിക്കറ്റിനാണു ഗുജറാത്തിനെ പഞ്ചാബ് പരാജയപ്പെടുത്തിയത്. ഗുജറാത്ത് ഉയർത്തിയ 200 റൺസ് വിജയലക്ഷ്യം 19.5 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ പഞ്ചാബ് മറികടന്നു. ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ 48 പന്തിൽ നിന്ന്  89 റൺസെടുത്തു  പുറത്താകാതെ നിന്നു. പഞ്ചാബിനായി കാഗിസോ റബാഡ രണ്ട് വിക്കറ്റ് വീഴ്ത്തി. ശശാങ്ക് സിംഗിനെ പ്ലെയർ ഓഫ് ദ മാച്ച് ആയി പ്രഖ്യാപിച്ചു.
ഇന്ന് നടക്കുന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും  ഹൈദരാബാദിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ രാത്രി   7.30 നാണു മത്സരം.
*******************************************

## ISL

ഐഎസ്എൽ ഫുട് ബോളിൽ ഇന്ന് ഗോവ എഫ് സി-  ഹൈദരാബാദ് എഫ് സി പോരാട്ടം.  രാത്രി 7.30 നാണ്  ഗോവയിലാണ്  മത്സരം.  ഇന്നലെ ചെന്നൈയിൻ എഫ്  സി  2 -1 ന്  ജംഷഡ്പൂറിനെ തോൽപ്പിച്ചു.
*******************************************

## ASSAM-NOMINATION

അസമിൽ രണ്ടാം ഘട്ട തെരഞ്ഞെടുപ്പിൽ 65 സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. സൂക്ഷ്മപരിശോധന ഇന്ന്  നടക്കും. അസം മന്ത്രി പരിമൾ ശുക്ല ബൈദ്യ, എംപി കൃപാനാഥ് മല്ല, ദിലീപ് സൈകിയ എന്നിവരാണ് ബിജെപിക്ക് വേണ്ടി മത്സരരംഗത്തുള്ളത്. നാഗോൺ സീറ്റിൽ നിന്ന് കോൺഗ്രസ് എംപി പ്രദ്യുത് ബോർ ഡോലോയി വീണ്ടും മത്സരിക്കും.

*********************************************

## NCP LS-CANDIDATE

മഹാരാഷ്ട്രയിൽ സഖ്യകക്ഷിയായ കോൺഗ്രസ് അവകാശപ്പെട്ട ഭിവണ്ടി മണ്ഡലത്തിലെ സ്ഥാനാർത്ഥിയായി സുരേഷ് മഹാരെയെ എൻസിപി പ്രഖ്യാപിച്ചു. രണ്ട് സ്ഥാനാർത്ഥികളുടെ രണ്ടാം പട്ടികയും പുറത്തിറക്കി. ബീഡിൽ നിന്ന് ബജ്റംഗ് സോനാവാനെയെ മത്സരിപ്പിക്കുന്നു. എൻസിപി ഇതുവരെ ഏഴ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.

*********************************************

## CONGRESS GUJARAT LIST

ഗുജറാത്തിൽ നിന്ന് മൂന്ന് സ്ഥാനാർത്ഥികൾ ഉൾപ്പെടുന്ന മറ്റൊരു പട്ടിക കൂടി കോൺഗ്രസ് പുറത്തുവിട്ടു. വഡോദര നിയോജക മണ്ഡലത്തിൽ നിന്ന് ജസ് പാൽ സിംഗ് പധ്യാർ, ജുനാഗഢിൽ നിന്ന് ഹീരാഭായ് ജോത്വ, സുരേന്ദ്രനഗറിൽ നിന്ന് രുത്വിക്ഭായ് മക്വാന എന്നിവരാണ് മത്സരിക്കുന്നത്.

*********************************************

******************************

*******************